# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4432 27.06.2013 ൽ മറുപടിക്ക്

**ഓണചന്തകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഈ ഓണക്കാലത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ സംസ്ഥാനമൊട്ടാകെ സപ്ലൈകോ ചില്ലറ വിൽപ്പന ശാലകൾ വഴിയും ഓണചന്തകൾ വഴിയും 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിവിലയേക്കാൾ 50% വിലക്കുറവിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഓണക്കാലത്ത് ജനങ്ങൾക്ക് ഏറ്റവും ആവശ്യമുള്ള ഏത്തയ്ക്കാ, പായസപ്പരിപ്പ്, പായസക്കൂട്ട് മുതലായവ എല്ലാ ഓണചന്തകളിലും ലഭ്യമാക്കുന്നതാണ്. പൊതു വിപണിയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പച്ചക്കറികൾ വിതരണം ചെയ്യാൻ പച്ചക്കറി സ്റ്റാളുകൾ നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.<br>കഴിഞ്ഞ വർഷത്തെപ്പോലെ ഈ കൊല്ലവും ഓണം/റംസാൻ ചന്തകൾ 45 ദിവസത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) കഴിഞ്ഞ ഓണക്കാലത്ത് എത്ര ഓണചന്തകളാണ് സംസ്ഥാനത്ത് നടത്തിയത്; | (ബി) കഴിഞ്ഞ വർഷം 5 മെട്രോ ഫെയറുകൾ, 12 ടൗൺ ഫെയറുകൾ, 137 ഓണചന്തകൾ എന്നിവ നടത്തുകയുണ്ടായി. കൂടാതെ സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളും 5 ദിവസം മിനി ഓണ ചന്തകളായി പ്രവർത്തിച്ചിരുന്നു. |
| (സി) ഈ ഓണക്കാലത്ത് എത്ര ഓണചന്തകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (സി) കഴിഞ്ഞ വർഷം ഓണക്കാലത്ത് നടത്തിയിരുന്നതുപോലെ ഈ കൊല്ലവും വിപുലമായ രീതിയിൽ ഓണ ചന്തകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

Beena

സെക്ഷൻ ഓഫീസർ

6